സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഗുണനിലവാര പരിശോധന

61 [1958] ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ പലവ്യഞ്ജന സാധനങ്ങൾക്ക് ടെണ്ടർ ക്ഷണിക്കുമ്പോൾ സാധനങ്ങളുടെ ഗുണനിലവാരം നിഷ്കർഷിക്കാറുണ്ടോ ;

(ബി) എങ്കിൽ 2004 സെപ്റ്റംബറിൽ ക്ഷണിച്ച ടെണ്ടർ പ്രകാരം കേരളാ പൾസസ് ആന്റ് സ്പൈസസ് മാർക്കറ്റിംഗ് കോർപ്പറേഷൻ എന്ന സ്വകാര്യ സ്ഥാപനം സപ്ലൈ ചെയ്ത പീസ് പരിപ്പ്, കടുക്, തൊലി ഉഴുന്ന് എന്നീ സാധനങ്ങൾ ഗുണ നിലവാരമില്ലാത്തതിനാൽ കോർപ്പറേഷന്റെ ഗുണനിലവാര പരിശോധന ഉദ്യോഗസ്ഥന്മാർ നിരസിച്ചിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഗുണനിലവാരമില്ലാത്ത നിരസിച്ച സാധനങ്ങൾ വീണ്ടും തിരിച്ചെടുത്തത് ഗുണനിലവാരത്തിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തിയിട്ടാണ് എന്ന് വ്യക്തമാക്കുമോ ;

(ഡി) ഗുണനിലവാരമില്ലാത്ത ഭക്ഷ്യ സാധനങ്ങൾ ഗുണനിലവാരത്തിൽ മാറ്റം വരുത്തി സ്വീകരിക്കാൻ നടപടി സ്വീകരിച്ചത് ആരാണ് ;

(ഇ) ഇതു സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ ; അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്കെതിരെ നടപടി സ്വീകരിക്കാൻ തയ്യാറാവുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) കോർപ്പറേഷൻ പുറപ്പെടുവിച്ച സർക്കുലർ നമ്പർ 28/96 പ്രകാരം കുറഞ്ഞത് രണ്ട് സാമ്പിളെങ്കിലും എടുത്ത് ഗുണമേന്മ പരിശോധന നടത്തണമെന്ന് നിഷ്കർഷിച്ചിരുന്നു. കൂടാതെ മുൻ വർഷങ്ങളിൽ മൺസൂൺ കാലത്ത് ഈർപ്പാംശത്തിന് പി. എഫ്. എ. ലിമിറ്റ് വരെ (ഭക്ഷ്യ വസ്തുക്കളിൽ മായം ചേർക്കൽ നിരോധന നിയമം) ഇളവ് അനുവദിച്ചിരുന്നു. മേൽപ്പറഞ്ഞ സർക്കുലർ പ്രകാരവും പി. എഫ്. എ. നിയമ പ്രകാരവും ഗുണമേന്മ പരിശോധക സമിതി വീണ്ടും പരിശോധന നടത്തി സാധനങ്ങൾ എടുത്തിട്ടുണ്ട്. ഗുണനിലവാരത്തിൽ മാറ്റം ഒന്നും വരുത്തിയിട്ടില്ല.

(ഡി) ഗുണനിലവാരത്തെ സംബന്ധിച്ച് ഗുണ നിലവാര പരിശോധക കമ്മിറ്റി യാണ് തീരുമാനങ്ങൾ എടുക്കുന്നത്. ഗുണനിലവാരമില്ലാത്ത ഭക്ഷ്യ സാധനങ്ങൾ കോർപ്പറേഷൻ സ്വീകരിച്ചിട്ടില്ല.

(ഇ) ഗുണനിലവാരം സംബന്ധിച്ച് ക്വാളിറ്റി കൺട്രോൾ കമ്മിറ്റിയുടെ തീരുമാനങ്ങൾ അന്തിമമാണെന്നിരിക്കെ അന്വേഷണത്തിന് പ്രസക്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly